By Special Messenger

**കേരള സർക്കാർ**

ധനകാര്യ വകുപ്പ്

<u>വിജ്ഞാപനം</u>

നം. 373881/ഭരണം-സി-2/2017/ധന. തീയതി, തിരുവനന്തപുരം 17/05/2017

<u>ധനകാര്യ (പരിശോധന-ടെക്നിക്കൽ) വകുപ്പിൽ അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ, അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ (സിവിൽ/മെക്കാനിക്കൽ/ഇലക്ട്രിക്കൽ) തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിന് പാനൽ തയ്യാറാക്കുന്നതിനുള്ള വിജ്ഞാപനം</u>

കേരള സർക്കാരിന്റെ കീഴിലുള്ള തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ധനകാര്യ (പരിശോധന വിഭാഗം-ടെക്നിക്കൽ) വകുപ്പിൽ താഴെ പറയുന്ന ഒഴിവുകളിലേക്ക് ടെക്നിക്കൽ ഓഫീസർമാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനായി പാനൽ തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. തസ്തികയ്ക്കുവേണ്ട യോഗ്യതാ മാനദണ്ഡങ്ങൾ 26/11/2015-ലെ സ.ഉ(പി) നം. 536/2015/ധന. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമായിരിക്കും. ഉത്തരവ് www.finance.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

| ക്രമ നം. | തസ്തികയുടെ പേര് | യോഗ്യത |
|---|---|---|
| 1 | അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ | കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത സാങ്കേതിക സ്ഥാപനത്തിൽ/ യൂണിവേഴ്സിറ്റിയിൽ നിന്ന് കുറഞ്ഞത് 60% മാർക്കോടുകൂടി സിവിൽ എഞ്ചിനീയറിംഗ് ബിരുദം നേടുകയും 15 വർഷത്തിൽ കുറയാത്ത പ്രൊഫഷണൽ പോസ്റ്റ് ക്വാളിഫിക്കേഷൻ പരിശീലനം നേടുകയും ചെയ്തിട്ടുള്ള കേന്ദ്ര/സംസ്ഥാന സ്ഥാപനങ്ങളിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ (PB-4-GP-8700) (of VI Pay Commission) അല്ലെങ്കിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള (PB-3-GP-6600/CPSU scale-E4)-ൽ കുറയാത്ത |

| | | |
|---|---|---|
| | | ശമ്പള സ്കെയിലിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) എന്നിവർക്ക് അപേക്ഷിക്കാം.<br>എഞ്ചിനീയറിംഗിൽ/മാനേജ്മെന്റിലുള്ള ബിരുദാനന്തര ബിരുദം അഭികാമ്യം.<br>പ്രവൃത്തിപരിചയം:- അപേക്ഷ അയയ്ക്കുന്ന സമയത്ത് മാതൃസ്ഥാപനത്തിൽ കുറഞ്ഞത് 5 വർഷത്തെ സേവനം ഉണ്ടായിരിക്കണം.<br>(കേന്ദ്ര സർക്കാർ/കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ/കേന്ദ്ര സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ/മറ്റു സംസ്ഥാനങ്ങളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഓഫീസർമാർക്ക് മാത്രം അപേക്ഷിക്കുന്നതിനായി ഈ തസ്തിക പരിമിതപ്പെടുത്തിയിരിക്കുന്നു.) |
| 2 | അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ (സിവിൽ/മെക്കാനിക്കൽ/ ഇലക്ട്രിക്കൽ) | കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത സാങ്കേതിക സ്ഥാപനത്തിൽ/ യൂണിവേഴ്സിറ്റിയിൽ നിന്നും കുറഞ്ഞത് 60% മാർക്കോടെ സിവിൽ/മെക്കാനിക്കൽ/ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദവും കുറഞ്ഞത് 5 വർഷത്തെ പോസ്റ്റ് ക്വാളിഫിക്കേഷൻ പരിശീലനവും നേടിയിട്ടുള്ള കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ/മെക്കാനിക്കൽ/ ഇലക്ട്രിക്കൽ) (PB-3-GP-5400) (of VI Pay Commission) തസ്തികയിൽ ജോലി നോക്കുന്ന അല്ലെങ്കിൽ PB-3-GP-4200/CPSU സ്കെയിൽ/തത്തുല്യ വേതനത്തിൽ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ 3 വർഷത്തെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ/ മെക്കാനിക്കൽ/ഇലക്ട്രിക്കൽ) തസ്തികയിലുള്ള പരിചയം/ തത്തുല്യമുള്ളവർക്ക് അപേക്ഷിക്കാം.<br>ബിരുദാനന്തര ബിരുദം അഭികാമ്യം.<br>പ്രായ പരിധി: അപേക്ഷ അയയ്ക്കുന്ന ദിവസം 45 വയസിൽ കൂടാൻ പാടില്ല. |

2. തെരഞ്ഞെടുക്കപ്പെടുന്ന ഓഫീസർക്ക് മാതൃസ്ഥാപനത്തിലുള്ള ശമ്പളവും മറ്റ് അലവൻസുകളോടൊപ്പം, ഓഫീസറുടെ ഗ്രേഡ് അനുസരിച്ച് നിശ്ചിത ഡെപ്യൂട്ടേഷൻ അലവൻസിനും യോഗ്യതയുണ്ടായിരിക്കുന്നതാണ്. അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഡെപ്യൂട്ടേഷൻ കാലാവധി ആദ്യ തവണ 3 വർഷവും അസിസ്റ്റാന്റ് ടെക്നിക്കൽ എക്സാമിനറുടെ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) ഡെപ്യൂട്ടേഷൻ കാലാവധി ആദ്യ തവണ 2 വർഷവുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കാൻ താത്പര്യമുള്ളവർ ബയോ-ഡാറ്റ സഹിതം ഉചിത മാർഗ്ഗേന 16/06/2017-നു മുമ്പായി ജോയിന്റ് സെക്രട്ടറി (ഭരണം), ധനകാര്യ വകുപ്പ്, ഗവ്. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

**മിനി. വി.ആർ**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

(മുൻനിര മലയാളം ദിനപത്രങ്ങളായ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, മുൻനിര ഇംഗ്ലീഷ് ദിനപത്രങ്ങളായ ദി ഹിന്ദു, ഇൻഡ്യൻ എക്സ്പ്രസ്, ഡെക്കാൻ ക്രോണിക്കിൾ, ടൈംസ് ഓഫ് ഇൻഡ്യ എന്നിവയിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി)

✓നോഡൽ ഓഫീസർ, www.finance.kerala.gov.in

*(ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)*

ഉത്തരവിൻപ്രകാരം

Sd/-

സെക്ഷൻ ഓഫീസർ

# BIO-DATA

1. Name:

2. Date of Birth:

3. Address:
   Office:
   Residence:

4. Phone
   Office:
   Residence:
   Mobile No.

5. Qualification:

| Examination Passed | Year of Passing | University |
|---|---|---|
| | | |
| | | |
| | | |
| | | |

6. Experience (Indicate Grade and scale
   (List all positions held post qualification)

Signature

## FOR OFFICE USE ONLY

Verified and found..........................................................................................................

...............................................................................................................................

...............................................................................................................................

Section Officer/Under Secretary/Joint Secretary

Finance Department